**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഡന്റൽ ഹൈജീനിസ്റ്റുകളുടെ ബോധവത്കരണ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികളിലാണ് ദന്ത വദന രോഗം പിടിപ്പെട്ടിട്ടുള്ളത് എന്നത് സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ കുട്ടികളുടെയും ദന്തരോഗം സംബന്ധിച്ച് വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | ആരോഗ്യ വകുപ്പിന്റെ തനത് ബോധവത്കരണ ക്യാമ്പുകൾക്ക് പുറമേ 2025-ൽ സംസ്ഥാനത്ത് ഡന്റൽ ഹൈജീനിസ്റ്റുകൾ മാത്രമായി സ്കൂൾ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പിന്റെ ഡെന്റൽ ബോധവത്കരണ ക്യാമ്പുകൾക്ക് പുറമേ 2025 – ൽ സംസ്ഥാനത്ത് ഡെന്റൽ ഹൈജീനിസ്റ്റുകൾ മാത്രമായി സ്കൂൾ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടില്ല. ഡെന്റൽ ഡോക്ടർമാരുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിലുമാണ് സ്കൂൾ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നത്. |
| (സി) | ദന്തരോഗങ്ങൾ കൂടുന്നത് തടയാൻ മാസത്തിൽ ഒരു ഫീൽഡ് ബോധവത്കരണ ക്ലാസ്സ് ഡന്റൽ ഹൈജീനിസ്റ്റുകൾ നിർബന്ധമായി ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കുമോ ; വിശദമാക്കാമോ; | (സി) | ദന്തരോഗങ്ങൾ കൂടുന്നത് തടയാൻ മാസത്തിൽ ഒരു ഫീൽഡ് ബോധവൽകരണ ക്ലാസ് ഡെന്റൽ ഡോക്ടർമാരുടെ മേൽ നോട്ടത്തിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഫീൽഡ് ബോധവത്കരണ ക്ലാസ്സുകൾ ഡെന്റൽ ഹൈജീനിസ്റ്റുകൾ നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ഡി) | ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് ഡന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ആഫീസർ എന്നാക്കി മാറ്റുന്നതിന് 2021-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡെന്റൽ ഹൈജീനിസ്റ്റ് സീനിയർ ഗ്രേഡ് തസ്തികയുടെ പേര് ഡെന്റൽ ഹൈജീനിസ്റ്റ് ഓഫീസർ എന്നാക്കി മാറ്റുന്നതിനായി കേരള ഗവ.ഡെന്റൽ ഹൈജീനിസ്റ്റ് അസ്സോസിയേഷൻ സ്റ്റേറ്റ് കൗൺസിൽ എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.40927/2025 എന്ന കേസിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബഹു. ഹൈക്കോടതി 6 മാസം സമയം അനുവദിച്ചിട്ടുണ്ട്. ആയതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ സർവ്വീസ് |

| | | | |
|---|---|---|---|
| | | | സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ